ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 18.06.2025 TIME:07.25 AM

# പ്രധാന വാർത്തകൾ

1. ജനാധിപത്യവും മാനവികതയും ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ-കാനഡ ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said that improving India-Canada bilateral relations is essential to strengthen democracy and humanity.**

2. ഇറാൻ- ഇസ്രായേൽ സംഘർഷം രൂക്ഷമായി തുടരുന്നു; മേഖലയിൽ സമാധാനത്തിനുള്ള ആഹ്വാനവുമായി ജി-7 നേതാക്കൾ.

   **Iran-Israel conflict continues to escalate; G-7 leaders call for peace in the region.**

3. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ക്രൊയേഷ്യയിലേയ്ക്ക് യാത്രതിരിച്ചു.

   **Prime Minister Narendra Modi leaves for Croatia on the last leg of his three-nation visit**

4. എയർ ഇന്ത്യയുടെയും എയർ ഇന്ത്യ എക്സ്പ്രസിന്റെയും വിമാനങ്ങളുടെ അറ്റകുറ്റപണികൾ എത്രയും വേഗം പരിഹരിക്കാൻ  ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ നിർദേശം നൽകി.

   **The Directorate General of Civil Aviation has directed Air India and Air India Express to resolve the maintenance issues of their aircraft as soon as possible.**

5. നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിന് ഒരു ദിവസം മാത്രം ബാക്കി നിൽക്കെ മണ്ഡലത്തിൽ ഇന്ന് നിശബ്ദ പ്രചാരണം.

**In Nilambur, with only one day left for the by-election the candidates are on silent campaign in the constituency today.**

6. **സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ ഇന്ന് ആരംഭിക്കും; പ്രവേശനോത്സവം മന്ത്രി വി.ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**

**In Kerala, Plus One classes will begin today; Minister V.Sivankutty will inaugurate the welcome ceremony in Thiruvananthapuram today.**

&&&&&&&&&&&&&&

## PM BILATERALS (INTRO)

ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം വളരെ പ്രധാനമാണെന്നും ജനാധിപത്യവും മാനവികതയും ശക്തിപ്പെടുത്തുന്നതിന് ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി . കാനഡയിൽ നടക്കുന്ന ജി- 7 ഉച്ചകോടിക്കിടെ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു പ്രധാനമന്ത്രി. വ്യാപാരം, ഊർജം, ബഹിരാകാശം, ശുദ്ധമായ ഊർജം, നിർണായക ധാതുക്കൾ, വളങ്ങൾ തുടങ്ങിയ മേഖലകൾ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണത്തിന് വളരെയധികം സാധ്യതകൾ വാഗ്ദാനം ചെയ്യുന്നുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

*(ഹോൾഡ് വോയിസ്)*

ജി-7 ഉച്ചകോടിയിൽ ഇന്ത്യയുടെ പതിവ് പങ്കാളിത്തം ഇന്ത്യയുടെയും പ്രധാനമന്ത്രി മോദിയുടെയും പ്രാധാന്യത്തിന് തെളിവാണെന്ന് കാർണി തന്റെ പ്രസ്താവനയിൽ പറഞ്ഞു. ഉച്ചകോടിക്കിടെ ജർമനി , മെക്സിക്കൊ , ദക്ഷിണ കൊറിയ ,ഫ്രാൻസ് , യു.കെ, ജപ്പാൻ, ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയ, ഇറ്റലി ബ്രസീൽ എന്നീ രാജ്യങ്ങളിലെ നേതാക്കളുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് രാജ്യങ്ങൾ നൽകുന്ന ശക്തമായ ഐക്യദാർഢ്യത്തിനും പിന്തുണയ്ക്കും പ്രധാനമന്ത്രി നേതാക്കളോട് നന്ദി പറഞ്ഞു.

&&&&&&&&&&&&&&&

## G-7 JOINT STATEMENT

ഇസ്രായേൽ - ഇറാൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ സമാധാനത്തിനുള്ള ആഹ്വാനവുമായി ജി-7 നേതാക്കൾ. ഇസ്രായേലിന് സ്വയം പ്രതിരോധിക്കാനുള്ള അവകാശമുണ്ടെങ്കിലും, സംഘർഷങ്ങളിൽ സാധാരണക്കാർ ഇരയാകാതെ സംരക്ഷിക്കേണ്ടതുണ്ടെന്ന് നേതാക്കൾ സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി. അതേസമയം,

വൈവിധ്യമാർന്ന ആഗോള വിഷയങ്ങളിൽ ഫലപ്രദമായ ചർച്ചകൾക്ക് ജി- 7 ഉച്ചകോടി സാക്ഷ്യം വഹിച്ചുവെന്നും ആഗോള സമാധാനം, സമൃദ്ധി, സുസ്ഥിരത എന്നിവ വർദ്ധിപ്പിക്കുന്നതിന് രാജ്യങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വിജയകരമായ ഉച്ചകോടിക്ക് ആതിഥേയത്വം വഹിച്ചതിന് കനേഡിയൻ സർക്കാരിനും ജനങ്ങൾക്കും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിലൂടെ നന്ദി അറിയിച്ചു.

&&&&&&&&&&&&&&&

## IRAN -ISRAEL WAR 6TH DAY

ഇറാൻ- ഇസ്രായേൽ സംഘർഷം രൂക്ഷമായി തുടരുന്നു. ടെഹ്റാനിലെ ഒരു കമാൻഡ് സെന്ററിൽ നടന്ന വ്യോമാക്രമണത്തിൽ ഇറാന്റെ യുദ്ധകാല ചീഫ് ഓഫ് സ്റ്റാഫ് അലി ഷദ് മാനി കൊല്ലപ്പെട്ടതായി ഇസ്രായേൽ സൈന്യം സ്ഥിരീകരിച്ചു. വെള്ളിയാഴ്ച നടന്ന ഇസ്രായേൽ ആക്രമണത്തിനിടെ ഇറാൻ സൈനിക മേധാവി ഹൊസൈൻ

സലാമി കൊല്ലപ്പെട്ടതിനെത്തുടർന്ന് ഷദ് മാനി ഇറാന്റെ ഖതമൽ അൻബിയ സെൻട്രൽ ആസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്തിരുന്നു. അതേസമയം ഇസ്രായേൽ തങ്ങളുടെ മേൽ വ്യാപകമായ സൈബർ ആക്രമണം ആരംഭിച്ചതായും അവശ്യ സേവനങ്ങളെ തടസ്സപ്പെടുത്തിയതായും ഇറാന്റെ സൈബർ സുരക്ഷാ കമാൻഡ് ആരോപിച്ചു. ഇസ്രായേൽ അക്രമത്തിനെതിരെയുള്ള നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ ആണവ ചർച്ചകളിൽ പങ്കെടുക്കുകയുള്ളൂ എന്ന് ഇറാൻ

നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&

## ISRAEL INDIAN EMBASSY ADVISORY

ഇസ്രായേലിൽ അടിയന്തരാവസ്ഥ നിലനിൽക്കുന്നതിനാലും വ്യോമാതിർത്തി അടച്ചതിനാലും, രാജ്യം വിടാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ പൗരന്മാരോട് കരമാർഗം അതിർത്തി കടക്കാൻ ടെൽ അവീവിലെ ഇന്ത്യൻ എംബസി ആവശ്യപ്പെട്ടു. ഇതിനായി താൽപ്പര്യമുള്ളവർ രജിസ്റ്റർ ചെയ്യണമെന്ന് എംബസി നിർദ്ദേശിച്ചു. നിലവിൽ ഇസ്രായേലിലുള്ള എല്ലാ ഇന്ത്യൻ പൗരന്മാരും ജാഗ്രത പാലിക്കണമെന്നും ഇസ്രായേൽ അധികൃതർ പുറപ്പെടുവിച്ച സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കണമെന്നും എംബസി അറിയിച്ചു. അതേസമയം ഇസ്രായേലിലെ എല്ലാ ഇന്ത്യക്കാരും സുരക്ഷിതരാണെന്ന് എംബസി വ്യക്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&

## INDIAN STUDENTS –TEHRAN

സംഘർഷ സാഹചര്യം കണക്കിലെടുത്ത് ടെഹ്റാനിലെ ഇന്ത്യൻ വിദ്യാർത്ഥികളെ ഇന്ത്യൻ എംബസി നഗരത്തിൽ നിന്നും ഒഴിപ്പിച്ചു. യാത്രാ സൗകര്യം ലഭ്യമായ മറ്റ്

താമസക്കാരോട് നഗരത്തിന് പുറത്തേക്ക് മാറാൻ വിദേശകാര്യ മന്ത്രാലയം നിർദ്ദേശം നൽകി. ഇറാനിലെ ഇന്ത്യക്കാരെ റോഡ് മാർഗം അർമേനിയയിൽ എത്തിക്കുന്നതിനുള്ള നടപടികളാണ് എംബസിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നത്.

**&&&&&&&&&&&&&&**

## IRAN - ISRAYEL - NORKA

ഇറാനിലെയും ഇസ്രയേലിലെയും കേരളീയർ സുരക്ഷിതരാണെന്ന് നോർക്ക റൂട്ട്സ് സി.ഇ.ഒ. ഇറാനിലുള്ള 12 മലയാളി വിദ്യാർത്ഥികളുടെയും, ബിസിനസ് ആവശ്യത്തിനു ടെഹ്റാനിലേയ്ക്ക് പോയ സംഘത്തിന്റെയും വിവരങ്ങൾ ഇന്ത്യൻ എംബസിക്ക് കൈമാറിയതായും നോർക്ക അറിയിച്ചു.

**&&&&&&&&&&&&&&**

## TRUMP THREATENS IRAN

ഇറാന്റെ പരമോന്നത നേതാവ് അലി ഖമനേയിയെ വധിക്കാൻ അമേരിക്കക്ക് കഴിയുമെന്നും എന്നാൽ ഇപ്പോൾ അത്തരം നടപടിയിലേക്ക് നീങ്ങുന്നില്ലെന്നും, യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഖമനേയി കീഴടങ്ങണമെന്നും സമൂഹമാധ്യമത്തിലൂടെ ട്രംപ് ആവശ്യപ്പെട്ടു. അമേരിക്ക സംഘർഷത്തിലേക്ക് നീങ്ങില്ലെന്നും, എന്നാൽ ആണവ പദ്ധതി അവസാനിപ്പിക്കാൻ ഇറാൻ തയ്യാറാകണമെന്നും ട്രംപ് നിർദ്ദേശിച്ചു.

**&&&&&&&&&&&&&&**

## INDIAN DIASPORA IN CROATIA (INTRO)

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ക്രൊയേഷ്യയിലേയ്ക്ക്

യാത്രതിരിച്ചു. ക്രൊയേഷ്യ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് ശ്രീ മോദി. പ്രധാനമന്ത്രിയുടെ സന്ദർശനം ആഘോഷമാക്കാനുള്ള തയ്യാറെടുപ്പിലാണ് ക്രൊയേഷ്യയിലെ ഇന്ത്യൻ സമൂഹം. യൂറോപ്യൻ യൂണിയനിലെ പങ്കാളികളുമായുള്ള ഇന്ത്യയുടെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്രൊയേഷ്യ സന്ദർശനം സഹായിക്കുമെന്ന് ക്രൊയേഷ്യയിലെ ഇന്ത്യൻ അംബാസഡർ അരുൺ ഗോയൽ പറഞ്ഞു.

*(ഹോൾഡ് - വോയിസ്)*

**&&&&&&&&&&&&&&&**

**DGCA-MEETING**

എയർ ഇന്ത്യയുടെയും എയർ ഇന്ത്യ എക്സ്പ്രസിന്റെയും പ്രവർത്തനങ്ങൾ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അവലോകനം ചെയ്തു. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന ഉന്നതതല യോഗത്തിൽ എയർ ഇന്ത്യ റിപ്പോർട്ട് ചെയ്ത പ്രശ്നങ്ങളെക്കുറിച്ച് ഡയറക്ടറേറ്റ് ആശങ്ക അറിയിച്ചു. വിമാനങ്ങളുടെ അറ്റകുറ്റപണികൾ എത്രയും വേഗം പരിഹരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. എഞ്ചിനീയറിംഗ്, ഓപ്പറേഷൻസ്, ഗ്രൗണ്ട് ഹാൻഡ്ലിംഗ് യൂണിറ്റുകൾക്കിടയിലുള്ള ഏകോപനം ശക്തിപ്പെടുത്താനും യാത്രക്കാരുടെ പ്രശനങ്ങൾ ലഘൂകരിക്കുന്നതിനും നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നതിനും എയർലൈനിനോട് ഡയറക്ടറേറ്റ് നിർദ്ദേശിച്ചു.

**&&&&&&&&&&&&&&&**

## GUJ-DNA TEST

അതേസമയം, വിമാനാപകടത്തിൽ ഡി എൻ എ പരിശോധനയിലൂടെ ഇതുവരെ 162 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. ഗുജറാത്ത് ആഭ്യന്തര സഹമന്ത്രി സമൂഹ മാധ്യമത്തിൽ അറിയിച്ചതാണ് ഇക്കാര്യം. കേന്ദ്ര ഏജൻസികളുമായി ചേർന്ന് സംസ്ഥാന സർക്കാർ ഫോറൻസിക്, നിയമ നടപടികൾ പൂർത്തിയാക്കി

വരികയാണെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&

## NILAMBUR BYELECTION

നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പിന് ഒരു ദിവസം മാത്രം ബാക്കി നിൽക്കെ മണ്ഡലത്തിൽ ഇന്ന് നിശബ്ദ പ്രചാരണം. നാളെയാണ് വോട്ടെടുപ്പ്. പോളിംഗ് സാമഗ്രികളുടെ വിതരണം ഇന്ന് രാവിലെ മുതൽ ചുങ്കത്തറ മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. എൽ.ഡി.എഫിൻറെ എം.സ്വരാജ്, യു.ഡി.എഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ. 23 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&

## PLUS ONE ALLOTMENT

സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾ ഇന്ന് ആരംഭിക്കും. സംസ്ഥാനതല പ്രവേശനോത്സവം മന്ത്രി വി ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. സപ്ലിമെൻററി അലോട്ട്മെൻറിനുള്ള സീറ്റൊഴിവ് ഈ മാസം

28 ന് പ്രസിദ്ധീകരിക്കും. 23 മുതൽ 27 വരെ സേ പരീക്ഷ നടക്കും.

&&&&&&&&&&&&&&

## IMD-WEATHER

മേഘാലയ, പശ്ചിമ ബംഗാൾ, ജാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിലും, ബീഹാർ, ഛത്തീസ്ഗഢ്, തീരദേശ കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര, വടക്കു-കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിലും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഡൽഹിയിൽ അടുത്ത അഞ്ച്ദിവസം ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

## RAIN KERALA

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് നാളെ വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&

## ICC WOMENS RANKING

ഐസിസി വനിതാ ഏകദിന ബാറ്റിംഗ് റാങ്കിംഗിൽ, 727 റേറ്റിംഗ് പോയിന്റുകളുമായി ഒന്നാം സ്ഥാനം തിരിച്ചു പിടിച്ച് ഇന്ത്യയുടെ സ്മൃതി മന്ദാന. ദക്ഷിണാഫ്രിക്കയുടെ ലോറ വോൾവാർഡിനെ മറികടന്നാണ് 2019 ന് ശേഷം ആദ്യമായി സ്മൃതി പട്ടികയിൽ ഒന്നാമതെത്തിയത്.

&&&&&&&&&&&&&&

## FIH – HOCKEY

എഫ്.ഐ.എച്ച് ഹോക്കി പ്രോ ലീഗിൽ ഇന്ത്യൻ വനിത ടീം ഒന്നിനെതിരെ നാലു ഗോളുകൾക്ക് അർജന്റീനയോട് പരാജയപ്പെട്ടു. ഈ സീസണിലെ ഇന്ത്യയുടെ തുടർച്ചയായ രണ്ടാം തോൽവിയാണിത്. നേരത്തെ ഓസ്ട്രേലിയയോട് ഇന്ത്യ പരാജയപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&